# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.350 28/10/2019-ൽ മറുപടിയ്ക്ക്

## യത്തീംഖാനകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ -ശിശു വികസനവും വകുപ്പ് മന്ത്രി) |
| (എ) ശിശുസംരക്ഷണകേന്ദ്രങ്ങളുടെയും അനാഥാലയങ്ങളുടെയും പ്രവർത്തനം സംബന്ധിച്ച് തയ്യാറാക്കിയ കരട് ചട്ടത്തിൽ യത്തീംഖാനകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്ന ഒട്ടേറെ വകുപ്പുകളുണ്ടെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഇതു സംബന്ധിച്ച് ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസിന്റെ ഭാഗമായാണോ ഇപ്പോൾ കരട് ചട്ടം തയ്യാറാക്കിയിട്ടുള്ളത് എന്നറിയിക്കാമോ; | (ബി) 2015- ലെ ബാലനീതി നിയമത്തിലെ സെക്ഷൻ 110 പ്രകാരമാണ് കരട് ചട്ടം തയ്യാറാക്കിയിട്ടുള്ളത്. |
| (സി) 2018-ൽ സാമൂഹ്യനീതി വകുപ്പിന്റെയും ശിശുക്ഷേമ സമിതിയുടെയും പരിശോധനയെത്തുടർന്ന് സംസ്ഥാനത്ത് നൂറിൽപരം യത്തീംഖാനകൾ അടച്ചുപൂട്ടേണ്ടി വന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) 2015-ലെ കേന്ദ്ര നിയമമായ ജെ.ജെ. ആക്ടിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കാൻ കഴിയില്ല എന്നതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് 100 ൽപ്പരം യത്തീംഖാനകൾ അടച്ചുപൂട്ടേണ്ടി വന്നത് . |
| (ഡി) 1960-ലെ കേന്ദ്ര ഓർഫനേജ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തതാണ് സംസ്ഥാനത്തെ യത്തീംഖാനകൾ എന്ന കാര്യം പരിശോധിക്കുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (ഡി) മറ്റ് നിയമങ്ങളിൽ എന്ത് തന്നെ വ്യവസ്ഥ ചെയ്തിരുന്നാലും, സംസ്ഥാന സർക്കാർ, സന്നദ്ധ സംഘടനകൾ, ഗവണ്മെന്റിതര സംഘടനകൾ എന്നിവർ നടത്തുന്ന ശ്രദ്ധയും പരിചരണവും ആവശ്യമുള്ള കുട്ടികളെയും, നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളെയും |

പാർപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങളും ബാലനീതി നിയമം 2015, നിലവിൽ വന്നു 6 മാസത്തിനകം രജിസ്റ്റർ ചെയ്തിരിക്കണം എന്ന് 2015-ലെ കേന്ദ്ര ബാലനീതി നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട് . കേന്ദ്ര സർക്കാരിൽ നിന്നോ സംസ്ഥാന സർക്കാരിൽ നിന്നോ ധനസഹായം ലഭിക്കുന്നതും അല്ലാത്തതുമായ എല്ലാ സ്ഥാപനങ്ങളും ഈ നിയമ പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതാണ്.

(ഇ) കരട് ചട്ടത്തിന്റെ കാര്യത്തിൽ (ഇ) യത്തീംഖാനകളുടെ അഭിപ്രായങ്ങൾകൂടി കേൾക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ബാലനീതി നിയമത്തിലെ സെക്ഷൻ 110 പ്രകാരം കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന മാതൃകാ ചട്ടത്തിന് അനുസൃതമായി സംസ്ഥാന സർക്കാർ ചട്ടമുണ്ടാക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത് .കേന്ദ്ര സർക്കാർ, ചട്ടങ്ങളുടെ കരട് പൊതുജനാഭിപ്രായത്തിനായി പ്രസിദ്ധീകരിച്ചിരുന്നു. കേന്ദ്ര സർക്കാരിന്റെ മാതൃകാച്ചട്ടത്തിനനുസൃതമായാണ് സംസ്ഥാനസർക്കാർ ചട്ടം തയ്യാറാക്കുന്നത്.

സെക്ഷൻ ഓഫീസർ